LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത നിയമലംഘനം

178 (3688) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗതാഗത നിയമലംഘനത്തിന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 1-7-2011 മുതൽ 30-11-2015 വരെ എത്ര പേർക്ക് ഗതാഗത നിയമലംഘനത്തിനായി പിഴ ചുമത്തുകയുണ്ടായി; ആയതുവഴി എന്ത് തുക സമാഹരിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

ഉത്തരം

(എ) 10,14,471 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	രജിസ്റ്റർ ചെയ്ത ട്രാഫിക് നിയമലംഘന കേസ്സുകൾ (18-5-2011 മുതൽ 30-11-2015 വരെ)
തിരുവനന്തപുരം സിറ്റി	85,625
തിരുവനന്തപുരം റൂറൽ	28,692
കൊല്ലം സിറ്റി	26,707
കൊല്ലം റൂറൽ	53,330
പത്തനംതിട്ട	24,051
ആലപ്പുഴ	99,110
കോട്ടയം	1,06,738
ഇടുക്കി	54,711
എറണാകുളം സിറ്റി	84,733
എറണാകുളം റൂറൽ	14,936

തൃശ്ശൂർ സിറ്റി	59,149
തൃശ്ശൂർ റൂറൽ	1,03,260
പാലക്കാട്	32,125
മലപ്പുറം	72,079
കോഴിക്കോട് സിറ്റി	39,872
കോഴിക്കോട് റൂറൽ	12,012
വയനാട്	18,025
കണ്ണൂർ	84,347
കാസർഗോഡ്	14,969
ആകെ	10,14,471

(ബി) 1,84,70,411 പേർക്ക് പിഴ ചുമത്തുകയുണ്ടായി. ആയതുവഴി 2,73,97,85,200 രൂപ സമാഹരിച്ചു. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

കേരളാ പോലീസിൽ വാങ്ങിയിട്ടുള്ള വാഹനങ്ങളുടെ കണക്ക്

179 (3689) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ 1-1-2013 മുതൽ നാളിതുവരെ വാങ്ങിയിട്ടുള്ള വാഹനങ്ങളുടെ കണക്ക് കാറ്റഗറിയും കമ്പനിയും തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങളിൽ ഹെവി പാസഞ്ചർ ഇനത്തിലുള്ളവയുടെ ബോഡിവർക്ക് ചെയ്ത സ്ഥാപനങ്ങൾ ഏതെല്ലാം; എത്ര തുക ചെലവായി; പ്രസ്തുത സ്ഥാപനങ്ങൾക്ക് കേന്ദ്ര മോട്ടോർവാഹന നിയമപ്രകാരം ബോഡി വർക്ക് ചെയ്യുവാനായി നല്കിയിട്ടുള്ള ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാന പോലീസ് സേനയ്ക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിൽ നിന്ന് മോട്ടോർ ട്രാൻസ്പോർട്ട് സംബന്ധമായ പരിശീലനത്തിനായി എത്ര ചെലവഴിച്ചിട്ടുണ്ടെന്നും എത്ര ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly